2172
6/2/21

കേരള സർക്കാർ
സംഗ്രഹം

നിയമ (ഭരണ- ) വകുപ്പ് - ജീവനകാര്യം - നിയമ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീ. ശക്തി കുമാർ റ്റി. കെ. യെ നിയമ വകുപ്പ് ജനറൽ ബ്രാഞ്ചിൽ ലീഗൽ അസിസ്റ്റന്റ് ട്രെയിനി ആയി നിയമിച്ച് ഉത്തരവാകുന്നു.

**നിയമ (ഭരണ II) വകുപ്പ്**

**സ.ഉ.(കൈ.)നം. 14/2021/നിയമം തീയതി, തിരുവനന്തപുരം, 04.02.2021**

പരാമർശം:
1. സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ ശ്രീ. ശക്തി കുമാർ റ്റി. കെ. യുടെ 01.07.2015 ലെ അപേക്ഷ
2. സ.ഉ.(പി) നം. 312/73/പിഡി, തീയതി 07/12/1973.
3. സ.ഉ.(പി) നം. 285/74/പിഡി, തീയതി 23/11/1974.
4. സ.ഉ.(എം.എസ്) നം. 231/92/ജിഎഡി, തീയതി 22/05/1992.
5. സ.ഉ.(എം.എസ്) നം. 62/2011/ജിഎഡി, തീയതി 25/02/2011.
6. സ.ഉ.(പി) നം. 07/2014/നിയമം, തീയതി 16/08/2014.
7. സ.ഉ. (സാധാ) നം. 699/2016/നിയമം, തീയതി 31/05/2016
8. സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ ശ്രീ. ശക്തി കുമാർ റ്റി. കെ. യുടെ 04.07.2016 ലെ റിവ്യൂ പെറ്റീഷൻ
9. സ.ഉ.(എം.എസ്) നം. 58/2017/നിയമം, തീയതി 05/04/2017
10. 09.10.2018 ലെ OA No. 2025/2017, OA(EKM) No. 2437/2017 എന്നീ കേസുകളിലെ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം
11. 09.10.2018 ലെ OP (KAT) 68/2019, OP (KAT) 83/2019 എന്നീ കേസുകളിലെ ബഹു: കേരള ഹൈക്കോടതിയുടെ വിധിന്യായം
12. 03/02/2021 ലെ ബഹു: മന്ത്രിസഭാ യോഗത്തിന്റെ 4541 - ഇനം നം. തീരുമാനത്തിൽ ചീഫ് സെക്രട്ടറിയുടെ കുറിപ്പ്

**ഉത്തരവ്**

ഓഫീസ് സൂപ്രണ്ട്/ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ നിന്നും തസ്തികമാറ്റം വഴിയുള്ള സെക്ഷൻ ഓഫീസർ നിയമനത്തിന്, ലീഗൽ അസിസ്റ്റന്റ് ട്രെയിനിയായി തന്നെ പരിഗണിക്കണമെന്ന് നിയമ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീ ശക്തി കുമാർ റ്റി. കെ. പരാമർശം (1) പ്രകാരം അപേക്ഷിച്ചിട്ടുള്ളതാണ്.

നിയമ ബിരുദവും ബാർ കൗൺസിൽ പരീക്ഷയോ ലീഗൽ അസിസ്റ്റന്റുമാർക്കുള്ള വകുപ്പുതല പരീക്ഷയോ പാസായിട്ടുള്ളവരും കുറഞ്ഞത് ഒരു വർഷ കാലയളവിൽ ലീഗൽ അസിസ്റ്റന്റ് ട്രെയിനിയായി വിജയകരമായി പരിശീലനം പൂർത്തിയാക്കിയിട്ടുമുള്ള നിയമ വകുപ്പിലെ ഓഫീസ് സൂപ്രണ്ട്മാർ/ടൈപ്പിസ്റ്റ്മാർ എന്നിവർക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന യോഗ്യതാ നിർണ്ണയ പരീക്ഷ പാസാകുമ്പോൾ സെക്ഷൻ ഓഫീസർ ആയി സ്ഥാനക്കയറ്റം നൽകാവുന്നതാണെന്നും ലീഗൽ അസിസ്റ്റന്റ് പരിശീലന കാലയളവിൽ മുൻ തസ്തികയിലെ ശമ്പളം സംരക്ഷിച്ച് നൽകാമെന്നും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

പരിശീലനത്തിനായി നിയോഗിക്കപ്പെടുന്നവർ സെക്ഷൻ ഓഫീസർ ആയി സ്ഥാനക്കയറ്റം ലഭിക്കുന്നതുവരെ ലീഗൽ അസിസ്റ്റന്റായി തുടരേണ്ടതും പ്രസ്തുത കാലയളവ് വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ സ്ഥാനക്കയറ്റത്തിന് അർഹതയുള്ളൂവെന്നും പരാമർശം (3) പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന യോഗ്യതാ നിർണ്ണയ പരീക്ഷയിൽ നിന്നും ടൈപ്പിസ്റ്റ്/ഓഫീസ് സൂപ്രണ്ട്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ പെട്ടവരെ പരാമർശം (4) പ്രകാരം സർക്കാർ ഒഴിവാക്കിയിട്ടുള്ളതാണ്.

25.03.2006-ന് മുമ്പ് സേവനത്തിൽ പ്രവേശിച്ചിട്ടുള്ള നിയമ വകുപ്പിലെ ടൈപ്പിസ്റ്റ്/ഓഫീസ് സൂപ്രണ്ട്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് മാത്രമായി സെക്ഷൻ ഓഫീസർ തസ്തികയിലേക്കുള്ള ലീഗൽ അസിസ്റ്റന്റ് ട്രയിനിയായി നിയമനം പരാമർശം (5) പ്രകാരം സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ളതാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) പ്രകാരം ശ്രീ. ശക്തി കുമാർ റ്റി. കെ. യുടെ അപേക്ഷ സർക്കാർ നിരസിച്ചിരുന്നു.. പ്രസ്തുത ഉത്തരവിനെതിരെ പരാമർശം (8) പ്രകാരം ടിയാൻ സമർപ്പിച്ച റിവ്യൂ പെറ്റീഷൻ പരിഗണിച്ച് പരാമർശം (9) പ്രകാരം ശ്രീ. ശക്തി കുമാറിനെ ലീഗൽ അസ്സിസ്റ്റന്റ് തസ്തികയിൽ നിയമിക്കുകയുണ്ടായി. ടി നിയമന ഉത്തരവിനെതിരെ പരാമർശം (10) പ്രകാരം ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

*"The applicant in the OA (EKM) No. 2437/2017 is, therefore, entitled to succeed. The impugned order, ie., Annexure-A4 dated 05.04.2017 is accordingly set aside. It is declared that the Government Order - GO(MS) No. 62/2011/GAD, dated 25.02.2011 which provides for conversion of Confidential Assistants/Typists as Legal Assistants Grade-II in the absence of amendment to the Special Rules is unsustainable in law. OA(EKM) No. 2437/2017 is accordingly allowed and OA No. 2025/2017 is dismissed."*

പരാമർശം (9) പ്രകാരമുള്ള നിയമനം, പരാമർശം (10) പ്രകാരം റദ്ദാക്കിയതിനെതിരെ ശ്രീ. ശക്തി കുമാർ റ്റി. കെ. ബഹു: കേരള ഹൈക്കോടതിയിൽ OP (KAT)

ഫയൽ ചെയ്യുകയും പരാമർശം (11) പ്രകാരം ബഹു: ഹൈക്കോടതി ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയു- മുണ്ടായി.

*"The petitioner now confines his relief for being posted as Legal Assistant Trainee for being appointed as Section Officer in the Law Department about which there is no serious objection. It is up to the Government to post the Petitioner as Legal Assistant Trainee for being appointed as Section Officer without prejudice to the seniority of Respondents 3 to 7. The impugned order of the Tribunal is affirmed subject to the above clarification reiterating the Special Rules will govern or the Government Orders in the case of conflict".*

പ്രസ്തുത ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (12) പ്രകാരം പരാമർശം (2) ലെ വ്യവസ്ഥകൾക്ക് വിധേയമായി ശ്രീ. ശക്തി കുമാർ റ്റി. കെ. യെ ലീഗൽ അസിസ്റ്റന്റ് ട്രെയിനി ആയി നിയമിക്കാവുന്നതും നിലവിലുള്ള ചട്ടങ്ങളിൽ ന്യൂനതകളു- ണ്ടെങ്കിൽ അവ പരിഹരിക്കാവുന്നതാണെന്നും തീരുമാനിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ തസ്തികയിലെ നിയമനരീതിയും യോഗ്യതകളും പരാമർശം (6) പ്രകാരം സർക്കാർ നിർദ്ദേശിച്ച് ഉത്തരവായിട്ടുള്ളതും ആയതിൻ പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റിൽ നിന്നുള്ള തസ്തികമാറ്റ നിയമനങ്ങൾക്കു നിയമ ബിരുദവും അഭിഭാഷകനായി എൻറോൾ ചെയ്തിരിക്കുകയോ ലീഗൽ അസിസ്റ്റന്റുമാർക്കുള്ള വകുപ്പുതല പരീക്ഷ വിജയിച്ചിരിക്കുകയോ ചെയ്യേണ്ടതും സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ പരീക്ഷ പാസായിരിക്കേണ്ടതും ലീഗൽ അസിസ്റ്റന്റ് ട്രെയിനി ആയി ഒരു വർഷം പരിശീലനം വിജയകരമായി പൂർത്തിയാക്കിയിരിക്കേണ്ടതുമാണ്.

27.07.2006 -ൽ നിയമവകുപ്പിൽ സർവീസിൽ പ്രവേശിക്കുകയും 14 വർഷം സേവനം പൂർത്തിയാക്കിയിട്ടുള്ളതുമായ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീ. ശക്തി കുമാർ റ്റി. കെ. 1995-ൽ കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ബി.കോം ബിരുദവും (രജിസ്റ്റർ നമ്പർ 202606), 2009 -ൽ കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് നിയമ ബിരുദവും (രജിസ്റ്റർ നമ്പർ 469), 2007-ൽ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ പരീക്ഷയും (രജിസ്റ്റർ നം. 3317) 2010-ൽ ലീഗൽ അസിസ്റ്റന്റ്മാർക്കുള്ള വകുപ്പുതല പരീക്ഷയും (രജിസ്റ്റർ നം. 213) വിജയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, നിയമ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീ. ശക്തി കുമാർ റ്റി. കെ. യെ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷ കാലയളവിലേക്ക്, പരാമർശം 2 മുതൽ 6 വരെ ഉത്തരവുകളിലെ വ്യവസ്ഥകൾക്കു വിധേയമായി, നിയമ വകുപ്പ് ജനറൽ ബ്രാഞ്ചിൽ ലീഗൽ അസിസ്റ്റന്റ് ട്രെയിനിയായി നിയമിച്ച് ഉത്തരവാകുന്നു. ടിയാൻ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം നിയമ (ഭരണ) വകുപ്പ് അഡീഷണൽ നിയമ സെക്രട്ടറി മുമ്പാകെ ജോലിക്കായി ഹാജരാകേണ്ടതാണ്.

സെക്ഷൻ ഓഫീസർ തസ്തികയിലെ തസ്തികമാറ്റ നിയമനത്തിന് പരിഗണിക്കുന്നതിന് ടിയാൾ ലീഗൽ അസിസ്റ്റന്റ് ട്രെയിനി ആയി ഒരു വർഷ പരിശീലനം വിജയകരമായി പൂർത്തിയാക്കേണ്ടതാണ്. ലീഗൽ അസിസ്റ്റന്റ് ട്രെയിനി കാലയളവിൽ ടിയാൾക്ക് നിലവിലുള്ള തസ്തികയിലെ ശമ്പളം സംരക്ഷിച്ചുനൽകേണ്ടതാണ്. പരിശീലന കാലയളവ് പൂർത്തിയാകുമ്പോൾ കർത്തവ്യനിർവ്വഹണ വിലയിരുത്തൽ റിപ്പോർട്ട് നിയമ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**സാദിഖ് എം. കെ.**
**സ്പെഷ്യൽ സെക്രട്ടറി (നിയമം)**

1. ശ്രീ. ശക്തി കുമാർ റ്റി. കെ., സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, നിയമ (ഓഫീസ് സെക്ഷൻ) വകുപ്പ്
2. സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (അക്കൗണ്ട്സ് ആന്റ് എന്റൈറ്റിൽമെന്റ്) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
5. അഡ്വക്കേറ്റ് ജനറൽ കേരള, എറണാകുളം
6. ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
7. ബഹു: ചീഫ് സെക്രട്ടറിയുടെ പി. എ.
8. ബഹു. നിയമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
9. സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
10. ഡെപ്യൂട്ടി സെക്രട്ടറി (ഭരണം)
11. നിയമ സെക്രട്ടറിയുടെ പി.എ
12. നിയമ (ഭരണ) വകുപ്പ് അഡീഷണൽ നിയമ സെക്രട്ടറിയുടെ സി.എ
13. നിയമ (നോഡൽ വകുപ്പ്)
14. നിയമ (ഭരണ-I) വകുപ്പ്
15. നിയമ (അക്കൗണ്ട്സ് – 2) വകുപ്പ്
16. വെബ് & ന്യൂ മീഡിയ, ഐ & പി.ആർ. വകുപ്പ്
17. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

x-mlp
4.2.2021
AL 5

## തീയതി : 03-02-2021

ഫയൽ നം. 5742/ഭരണ II(2)/2019/നിയമം.

ഇനം നം: 4541

വിഷയം : നിയമ വകുപ്പ് - നിയമ വകുപ്പിലെ പേഴ്സണൽ അസിസ്റ്റന്റ് ശ്രീ. ശക്തി കുമാർ. റ്റി. കെ.-യെ 07.12.1973-ലെ സ.ഉ.(എം.എസ്.) നം. 312/73/പി.ഡി. വ്യവസ്ഥകൾ പ്രകാരം ലീഗൽ അസിസ്റ്റന്റ് ട്രെയിനിയായി നിയമിക്കാമോ എന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. നിലവിലുള്ള ചട്ടങ്ങളിൽ ന്യൂനതകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണെന്നും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

55

4541

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.5742/ഭരണ II(2)/2019/നിയമം |
| 2 | വകുപ്പ് | | നിയമ (ഭരണ) വകുപ്പ് |
| 3 | വിഷയം | : | നിയമ വകുപ്പിലെ പേഴ്സണൽ അസിസ്റ്റന്റ് ശ്രീ.ശക്തികുമാർ.റ്റി.കെ.യെ 07/12/73 ലെ സ.ഉ(എം.എസ്)നം312/73/പി.ഡി വ്യവസ്ഥകൾ പ്രകാരം ലീഗൽ അസിസ്റ്റന്റ് ട്രെയിനിയായി നിയമിക്കാമോ എന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 03-11-2020 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അല്ല<br>ബാധകമല്ല<br>ബാധകമല്ല |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.റ്റി.രഘുനാഥ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.അരവിന്ദ ബാബു.പി.കെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10 /12/2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04/01/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എ.കെ.ബാലൻ<br>ബഹു.നിയമ വകുപ്പ് മന്ത്രി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 28 /01/2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 29/01/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. നിയമവകുപ്പിലെ പേഴ്സണൽ അസിസ്റ്റന്റ്, ശ്രീ.ശക്തികുമാർ.റ്റി.കെ.യെ 07/12/73 ലെ സ.ഉ(എം.എസ്)നം.312/73/പി.ഡി പ്രകാരം ലീഗൽ അസിസ്റ്റന്റ് ട്രെയിനിയായി നിയമിക്കാമോ എന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. സർക്കാർ ഉത്തരവ് (എം.എസ്സ്.) നം.312/73/പി.ഡി. തീയതി 07.12.1973 പ്രകാരം എൽ.എൽ.ബി. യോഗ്യതയും, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തുന്ന അഡ്ഹോക്ക് ടെസ്റ്റും പാസ്സായ നിയമവകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/ടൈപ്പിസ്റ്റുമാരെ ഒരു വർഷം ട്രെയിനിയായി നിയോഗിച്ച് ട്രെയിനിംഗ് പൂർത്തിയാക്കിയതിന് ശേഷം CA/Typist/Legal Assistant എന്നീ വിഭാഗങ്ങളിൽ നിന്നും 1:1:15 എന്ന അനുപാതത്തിൽ സെക്ഷൻ ഓഫീസർ തസ്തികയിൽ നിയമനം നൽകി വന്നിരുന്നു. 26.09.1968 തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്സ്.) നം.301/68/പി.ഡി. പ്രകാരം പൊതു ഭരണ വകുപ്പിലും സമാന രീതി തുടർന്നു വന്നിരുന്നു.

3. എന്നാൽ, പ്രസ്തുത സമ്പ്രദായം 17.03.2007 തീയതിയിലെ സ.ഉ. (എം.എസ്സ്.) 199/2007/പൊ.ഭ.വ. പ്രകാരം 25.03.2006 തീയതിക്ക് മുൻപ് സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ പ്രവേശിച്ച കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/ടൈപ്പിസ്റ്റ് വിഭാഗത്തിലെ ജീവനക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തി സെക്രട്ടേറിയറ്റ് പൊതു ഭരണ വകുപ്പിൽ ഉത്തരവായിട്ടുള്ളതാണ്. 25.03.2006 തീയതിക്കോ അതിന് ശേഷമോ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ പ്രവേശിക്കുന്ന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/ടൈപ്പിസ്റ്റ് വിഭാഗത്തിലെ ജീവനക്കാർക്ക് ബന്ധപ്പെട്ട തസ്തികയിൽ 4 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് അസിസ്റ്റന്റ് തസ്തികയിലെ എൻട്രി കേഡർ 20% അനുവദിച്ചുകൊണ്ടും ഉത്തരവാകുകയുണ്ടായി. പ്രസ്തുത ഉത്തരവ് 17.03.2007 തീയതിയിലെ

സ.ഉ.നം. എസ്സ്.ആർ.ഒ. നമ്പർ 188/2011 പ്രകാരം 3.3.2011-ലെ 513-ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും കേരള സെക്രട്ടേറിയേറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ ഭാഗമാക്കുകയുംചെയ്യുകയുണ്ടായി.

4. 25/03/2006 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാർക്ക് എൻട്രി കേഡറിൽ ലീഗൽ അസിസ്റ്റന്റായി തസ്തിക മാറ്റം അനുവദിച്ച് പൊതുഭരണ വകുപ്പിലെ 17.03.2007 തീയതിയിലെ സ.ഉ.നമ്പർ 199/2007/പൊഭവ പ്രകാരമുള്ള ആനുകൂല്യം നിയമവകുപ്പിലും ബാധകമാക്കി 25.02.2011 ലെ സ.ഉ.നം.62/2011/പൊ.ഭ.വ. ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള ഭേദഗതി നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റ് തസ്തിക സംബന്ധിച്ച സ്പെഷ്യൽ റൂളിൽ നാളിതുവരെ നടത്തിയിട്ടില്ല.

5. 25.02.2011-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.ശക്തികുമാർ.റ്റി.കെ., ലീഗൽ അസിസ്റ്റന്റ് എൻട്രി കേഡർ തസ്തികമാറ്റ നിയമനത്തിനായി 28.02.2011-ൽ അപേക്ഷ സമർപ്പിക്കുകയും ആയത് ലീഗൽ അസിസ്റ്റന്റ് നിയമനത്തിനായുള്ള വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടില്ല എന്ന കാരണത്താൽ അപേക്ഷ, 15.11.2012 തീയതിയിലെ മെമ്മോ നമ്പർ 3822/Adm II(2)/2012/Law പ്രകാരം നിരസിക്കപ്പെടുകയുണ്ടായി. ഇതിനെത്തുടർന്ന് ശ്രീ.ശക്തികുമാർ.റ്റി.കെ. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A. 748/2013 സമർപ്പിക്കുകയുണ്ടായി.

6. സ.ഉ.നമ്പർ 62/2011/പൊ.ഭ.വ. പ്രകാരമുള്ള ലീഗൽ അസിറ്റന്റ് തസ്തികമാറ്റ നിയമനത്തിനായുള്ള അപേക്ഷ നിരസിക്കപ്പെട്ടതിനെ തുടർന്ന് ടിയാൻ സ.ഉ.നമ്പർ 312/73/പി.ഡി. പ്രകാരം ലീഗൽ അസിസ്റ്റന്റ് ട്രെയിനിയായി നിയോഗിക്കപ്പെടുന്നതിനായി 01.07.2015 തീയതിയിൽ അപേക്ഷ നിയമ സെക്രട്ടറി മുമ്പാകെ സമർപ്പിച്ചു. നിയമ വകുപ്പ് ടിയാന്റെ ലീഗൽ അസിസ്റ്റന്റ് ട്രെയിനിയുള്ള അപേക്ഷയിൻമേൽ ഉദ്യോഗസ്ഥ

ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞു. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

> *"സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാതെ എക്സിക്യൂട്ടീവ് ഉത്തരവിലെ വ്യവസ്ഥകൾക്ക് നിലനിൽപ്പില്ല എന്ന നിലപാട് നിയമവകുപ്പ് സ്വീകരിക്കുമ്പോൾ, നിവവിൽ നിവേദകന് ബാധകമാകുന്നത് ഭേദഗതി ചെയ്യപ്പെടാത്ത സ്പെഷ്യൽ റൂൾ ആയിരിക്കും. Unamended സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കും അപ്പോൾ ടിയാന്റെ നിവേദനം പരിഗണിക്കേണ്ടത്. അങ്ങനെ വരുമ്പോൾ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ അന്ന് നിലവിലുണ്ടായിരുന്ന സ്പെഷ്യൽ റൂൾ/എക്സിക്യൂട്ടീവ് ഉത്തരവിലെ (26/06/2002-ലെ സ.ഉ.(കൈ) നം.199/02/പൊഭവ, 22/05/1992-ലെ സ.ഉ.(കൈ) നം.231/92/പൊഭവ, ഉത്തരവുകൾ) വ്യവസ്ഥകൾ പ്രകാരം ലീഗൽ അസിസ്റ്റന്റ് ട്രെയിനി ആയി മാറുന്നതിന് ടിയാന് അർഹതയുണ്ടോയെന്നുള്ള കാര്യം മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഭരണവകുപ്പിന് പരിശോധിച്ച് ഉചിതതലത്തിൽ തീരുമാനമെടുക്കാവുന്നതുമാണ്."*

7. ശ്രീ.ശക്തികുമാർ.റ്റി.കെ. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A. 743/2013 കേസ്സിലെ 09.02.2016 തീയതിയിലെ ഉത്തരവിൽ ടിയാന്റെ ലീഗൽ അസിസ്റ്റന്റ് ട്രെയിനി നിയമനത്തിനായുള്ള അപേക്ഷ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേട്ട് തീരുമാനമെടുക്കാൻ ട്രൈബ്യൂണൽ ഉത്തരവായി. എന്നാൽ, 31.05.2016 തീയതിയിലെ സ.ഉ.നമ്പർ 699/16/നിയമം പ്രകാരം ശ്രീ.ശക്തികുമാറിന്റെ ലീഗൽ അസിസ്റ്റന്റ് ട്രെയിനി നിയമന അപേക്ഷ സർക്കാർ നിരസിക്കപ്പെടുകയുണ്ടായി.

8. അപേക്ഷ നിരസിക്കപ്പെട്ടതിനെതുടർന്ന് 05.07.2016 തീയതിയായി ബഹു. നിയമ സെക്രട്ടറി മുമ്പാകെ ശ്രീ.ശക്തികുമാർ പുന:പരിശോധനാ ഹർജി സമർപ്പിക്കുകയുണ്ടായി. പുന:പരിശോധനാ ഹർജി സർക്കാർ വിശദമായി പരിശോധിക്കുകയും ബഹു നിയമവകുപ്പ് മന്ത്രിയുടെ ഉത്തരവിൻപ്രകാരം 25.02.2011-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.ശക്തികുമാർ.റ്റി.കെ. യെ ലീഗൽ അസിസ്റ്റന്റ് എൻട്രി കേഡർ തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നൽകി സർക്കാർ 05.04.2017 തീയതിയിലെ സ.ഉ.(എം.എസ്)നമ്പർ 58/2017/നിയമം ഉത്തരവ്

പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം ലീഗൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനം നൽകിയിട്ടും posting order വൈകിയതിനെത്തുടർന്ന് ശ്രീ.ശക്തികുമാർ.റ്റി.കെ. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ O.A.2025/2017 നമ്പരായി കേസ്സ് ഫയൽ ചെയ്യുകയുണ്ടായി.

9. ടിയാന്റെ നിയമനത്തെ എതിർത്ത് നിയമ വകുപ്പിലെ ഏതാനും ലീഗൽ അസിസ്റ്റന്റുമാർ O.A.(EKM) 2043/2017 കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തു. O.A.2025/2017, O.A.(EKM) 2043/2017 എന്നീ രണ്ട് കേസ്സുകളിൽ ട്രൈബ്യൂണൽ 09.10.2018 തീയതിയിൽ ഒരു പൊതു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിൻ പ്രകാരം ടിയാന്റെ ലീഗൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനം നൽകിയ ടി സർക്കാർ ഉത്തരവിന് അടിസ്ഥാനമായ 28.02.2011-ലെ സ.ഉ. നം. 62/2011/പൊ.ഭ.വ. പ്രകാരമുള്ള തസ്തിക മാറ്റം സംബന്ധിച്ചുള്ള വ്യവസ്ഥ സ്പെഷ്യൽ റൂൾസിൽ ഭേദഗതിയായി ഉൾപ്പെടുത്തിയിട്ടില്ല എന്ന കാരണത്താൽ റദ്ദാക്കുകയും കൂടാതെ സ.ഉ. (എം.എസ്സ്) നം.312/73/പി.ഡി. പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള ലീഗൽ അസിസ്റ്റന്റ് ട്രെയിനിയായി നിയോഗിക്കപ്പെടുന്നതിനും അർഹതയില്ല എന്ന് ഉത്തരവാകുകയുണ്ടായി.

10. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രസ്തുത ഉത്തരവിനെതിരെ ബഹു. ഹൈക്കോടതി മുമ്പാകെ O.P.(KAT) 68/2019, O.P.(KAT) 83/2019 എന്നീ കേസ്സുകൾ ശ്രീ.ശക്തികുമാർ.റ്റി.കെ. ഫയൽ ചെയ്യുകയുണ്ടായി. 26.07.2019 തീയതിയിൽ ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ച് O.P.(KAT) 68/2019, O.P.(KAT) 83/2019 എന്നീ നമ്പർ കേസുകളിൽ വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിധിന്യായത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

> *"…. The petitioner now confines his relief for being posted as Legal Assistant Trainee for being appointed as Section Officer in the Law Department about which there is no serious objection. It is up to the Government to post the petitioner as Legal Assistant Trainee for being appointed as Section Officer in the Law Department without prejudice to*

*the Seniority of respondents 3 to 7. The impugned order of the Tribunal is affirmed subject to the above clarification reiterating that special rules will govern over the Government orders in case of conflict."*

11. ഈ വിഷയത്തിൽ നിയമ സെക്രട്ടറിയുടെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"G.O(MS)No.62/2011/GAD dated 25.02.2011 cannot be implemented, since the Kerala Secretariat Subordinate Service Special Rules has not been amended. The Tribunal declared that "the Government order G.O(MS)No.62/2011/GAD dated 25.02.2011 which provides for conversion of Confidential Assistants/Typist as Legal Assistant Grade II in the absence of amendment to the Special Rules is unsustainable in law". Resultantly G.O. (MS)No.312/73/PD. Dated 07.12.1973 applies to Sri.Sakthikumar.T.K. for conversion to the main stream. The Government order of 1973 is only supplement and not in conflict with the Special Rules. In the result Sri.Sakthikumar.T.K. is entitled for appointment initially as Legal Assistant Trainee for a minimum period of one year to be appointed as Section Officer in the Law Department, without prejudice to the seniority of 5* person mentioned in the Judgment in OP(KAT) No.68/2019."

12. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. നിയമവകുപ്പ് മന്ത്രിയുടെ നിർദ്ദേശാനുസരണം ലഭ്യമാക്കിയ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"The High Court made it clear that is up to the Government to post the petitioner as Legal Assistant Trainee for being appointed as Section Officer in the Law Department without prejudice to the seniority of the respondents 3 to 7 with a rider that if there is any conflict the special Rules will govern over the Government orders. There is no decision on merit regarding the eligibility of the petitioner for posting as Legal Assistant Trainee. In the circumstances the Government is free to take a decision regarding the posting of the petitioner as Legal Assistant Trainee*

*and in case the Government feels that if the petitioner is posted as Legal Assistant Trainee that will be in conflict with the Special Rules, the Law Secretary can issue an order rejecting the claim for posting as Legal Assistant Trainee showing the reason as the same is in conflict with the Special Rules and therefore the Special Rules will prevail over the Government Orders. In the circumstances I am of the view that there is no scope of filing any appeal in the above case."*

13. 07.12.1973 തീയതിയിലെ സ.ഉ.(എം.എസ്സ്.) നം.312/73/പി.ഡി. പ്രകാരം ലീഗൽ അസിസ്റ്റന്റ് ട്രെയിനിയായി നിയമിക്കണമെന്നുള്ളതാണ് ശ്രീ.ശക്തികുമാറിന്റെ ആവശ്യം. 17.03.2007 തീയതിയിലെ സ.ഉ.(പി) 199/2007/പൊഭവ., പൊതുഭരണവകുപ്പിൽ മാത്രം ബാധകമാക്കിയതും അത് നിയമവകുപ്പിൽ ബാധകമല്ലാത്തതാണ്. 07.12.1973 തീയതിയിലെ സ.ഉ. (എം.എസ്സ്) നം.312/73/പി.ഡി.യുടെ അടിസ്ഥാനത്തിൽ C.A/Typist മാരെ ലീഗൽ അസിസ്റ്റന്റ് ട്രെയിനിയായി നിയമനം നൽകി വരുന്നത് വിശേഷാൽ ചട്ടങ്ങൾക്ക് വിരുദ്ധമല്ലാത്തതാണ്.

14. ബഹു. അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശം സഹിതം ഫയൽ ബഹു. നിയമവകുപ്പ് മന്ത്രിയ്ക്ക് ചംക്രമണം ചെയ്യുകയും അതിൽ താഴെക്കാണുന്ന കുറിപ്പ് സഹിതം ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്യാൻ ഉത്തരവാകുകയുണ്ടായി.

*"25.03.2006 ന് ശേഷം സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ പ്രവേശിച്ച ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാർക്ക് സെക്ഷൻ ഓഫീസർ ട്രെയിനിയായി നിയമിക്കപ്പെടാൻ അർഹതയില്ലാ എന്നാണ് 17.03.2007 തീയതിയിലെ ജി.ഒ.(പി) 199/2007/ജിഎഡി നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ഇക്കാര്യത്തിൽ നയപരമായ തീരുമാനത്തിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുന്നു."*

15. ബഹു. മുഖ്യമന്ത്രി 03.11.2020-ൽ പ്രസ്തുത വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ കു.ഫ ഖണ്ഡിക 76 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

16. ഈ വിഷയത്തിൽ ശ്രീ.ശക്തികുമാർ.റ്റി.കെ. ഫയൽ ചെയ്ത കോടതി അലക്ഷ്യ കേസ് നമ്പർ 970/2020 2021 ജനുവരി ആദ്യവാരം ബഹു. ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വരാനിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിര തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്.

## തീരുമാനിക്കേണ്ട സംഗതി

ശ്രീ.ശക്തികുമാർ, പേഴ്സണൽ അസിസ്റ്റന്റിനെ 07.12.1973 തീയതിയിലെ സ.ഉ.(എം.എസ്സ്) 312/73/പിഡി. -ലെ വ്യവസ്ഥകൾക്ക് വിധേയമായി ലീഗൽ അസിസ്റ്റന്റ് ട്രെയിനിയായി നിയമിക്കാമോ?